നമ്പർ :- ഡി.1/ടെണ്ടർ/എച്ച്.ഡബ്ളിയു/2017-18 (4) തിയതി. 13.04.2018

# കേരള സർക്കാർ

## ജലസേചന വകുപ്പ്

## ദർഘാസ് പരസ്യം

കേരള ഗവർണർക്കുവേണ്ടി പാലക്കാട് ജലസേചന വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹെഡ് വർക്കസ് സബ് ഡിവിഷൻ മലമ്പുഴ താഴെ പറയുന്ന പ്രവർത്തികൾക്ക് നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വച്ച മത്സര സ്വഭാവമുള്ള ദർഘാസ്സുകൾ തപാലിൽ രജിസ്റ്റേർഡ് /സ്പീഡ് പോസ്റ്റ് ആയി മാത്രം ക്ഷണിച്ചു കൊള്ളുന്നു. തപാലിൽ ഉണ്ടാകുന്ന കാല താമസത്തിന് ഈ വകുപ്പ് ഉത്തരവാദിയാകുന്നതല്ല. ദർഘാസുകൾ താഴെ പറയുന്ന തിയ്യതികളിൽ ഉച്ചയ്ക്ക് 1 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 3.00 പി.എം-ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ തൽസമയം ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്ത പ്രവർത്തി ദിവസം ദർഘാസുകൾ പരിഗണിക്കുന്നതാണ്. ദർഘാസിന്റെ കാലാവധി അതു സ്വീകരിക്കുന്ന തിയ്യതി മുതൽ 2 മാസം ആയിരിക്കും.

| ക്രമ. നം. | ദർഘാസ് നം. | പ്രവൃത്തിയുടെ പേരും ഉദ്ദേശം അടങ്കൽ തുകയും | ദർഘാസ് പ്രമാണത്തിന്റെ വില | നിരതദ്രവ്യം | കരാറുകാരുടെ വിഭാഗം | പ്രവൃത്തിയുടെ നിർമ്മാണ കാലാവധി |
|---|---|---|---|---|---|---|
| 1 | 21/2017-18 | മലമ്പുഴ പദ്ധതി - കെട്ടിടങ്ങൾ-ഡാം സെക്ഷൻ, ഇലക്ട്രിക്കൽ സെക്ഷൻ, ക്യൂറേറ്റർ ഓഫീസിലെയും അതിന്റെ അനബന്ധ കെട്ടിടങ്ങളുടെയും അടിയന്തിര സംരക്ഷണ പ്രവൃത്തികൾ. (പുനർ ദർഘാസ്) രൂപ. 3,00,000/- | രൂപ.600+ ജി.എസ്.ടി | രൂപ.7500/- | ഡിയും അതിനു മുകളിലും | ഏഴ് മാസം |
| 2 | 25/2017-18 | മലമ്പുഴ പദ്ധതി - ഗാർഡൻ മെയിന്റനൻസ്-പൂന്തോട്ടിത്തിനകത്തെ നടപ്പാതയുടെ അടിയന്തിര പുനരുദ്ധാരണവും പ്രധാന പൈപ്പ് ലൈനിന്റെ സംരക്ഷണ പ്രവൃത്തികളും .(പുനർ ദർഘാസ്) രൂപ. 2,50,000/- | രൂപ.500+ ജി.എസ്.ടി | രൂപ.6250/- | ഡിയും അതിനു മുകളിലും | അഞ്ച് മാസം |

1. ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്ന അവസാന തിയതിയും സമയവും-
   ക്രമ നം. 1 & 2 ;- 19-04-2018 വരെ - 10 മണി മുതൽ 1 മണി വരെ
2. ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന അവസാന തിയതിയും സമയവും;-
   ക്രമ നം. 1 & 2 ;- 26-04-2018 ന് ഉച്ചയ്ക്ക് 1 മണി വരെ
3. ദർഘാസ് പ്രമാണങ്ങൾ തുറക്കുന്ന അവസാന തിയതിയും സമയവും;-
   ക്രമ നം. 1 & 2 ;- 26-04-2018 ന് വൈകുന്നേരം 3.00 മണിക്ക്

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദ വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും ലഭുക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ പരസ്പരം കൈമാറാൻ പാടില്ലാത്തതുമാകുന്നു. ദർഘാസുകളോടൊപ്പം രൂ. 200/- (ഇരുനൂറ് രൂപയുടെ) മുദ്ര പത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്തിരിക്കണം. നിരതദ്രവ്യം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറത്തക്കവിധത്തിൽ അധികാരപെടുത്തിയതുമായിരിക്കണം. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. 1989 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ (2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവർത്തിയുടെ മൊത്തം ചിലവിന്റെ 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേയ്ക്ക് നൽകുവാൻ ബാധ്യസ്ഥനാണ്. കേരള പൊതുമരാമത്ത് / ജലസേചന വകുപ്പുകളിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമായിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ

(കേരള ഗവർണ്ണർക്ക് വേണ്ടി)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം
ഹെഡ് വർക്ക്സ് സബ് ഡിവിഷൻ,
മലമ്പുഴ (ഫോൺ : 0491-2815100)